**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 97** **08-12-2022 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്ക് ബദൽ മാർഗ്ഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി ഉപയോഗിക്കുന്ന ഷെൽമാക് മിശ്രിതത്തിന്റെ ഈട് എത്രനാൾ നിലനിൽക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | അടിയന്തിര അറ്റകുറ്റപ്പണികൾക്കായി താത്ക്കാലികമായി ഉപയോഗിക്കുന്ന ഷെൽമാക് ഉൾപ്പെടെയുള്ള കോൾഡ് മിശ്രിതങ്ങൾ സംബന്ധിച്ച പഠനങ്ങൾ പൊതുമരാമത്ത് വകുപ്പിൻ കീഴിൽ നടത്തിയിട്ടില്ല. |
| (ബി) | ഈർപ്പമുള്ളപ്പോൾ ഷെൽമാക് ഇടുന്നത് വേഗത്തിൽ പൊളിഞ്ഞുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ എത്രനാൾ വരെ പ്രസ്തുത മിശ്രിതം ഇളകാതെ നിൽക്കുന്നുണ്ടെന്ന് അറിയിക്കുമോ; | (ബി) | റെഡിമേയ്ഡ് മിക്സുകൾ, പ്രതികൂലമായ കാലാവസ്ഥകളിൽ ഉപയോഗിക്കാൻ കഴിയുന്നവയാണ്. ഇവ ഈർപ്പമുള്ള പ്രതലങ്ങളിൽ ഉപയോഗിക്കാവുന്നവയാണ്. എന്നാൽ അധിക ജലാംശം നീക്കം ചെയ്യേണ്ടതാണ്. നിർദ്ദേശിച്ച രീതിയിൽ ഷെൽമാക് ഉപയോഗിച്ച ഇടങ്ങളിൽ ഏകദേശം 6 മാസക്കാലം ഇളകാതെ നിൽക്കും റോഡിന്റെ നിലവിലുള്ള ഗതാഗത സാന്ദ്രത, ഡ്രെയിനേജ് സംവിധാനങ്ങൾ തുടങ്ങിയ ഘടകങ്ങൾ ഇതിന്റെ ഈട്ട നിൽപ്പിനെ ബാധിക്കും. |
| (സി) | ഒരേ സ്ഥലങ്ങളിൽ പലതവണ ഷെൽമാക് ഇടുന്നതിന് പകരം അവിടങ്ങളിൽ വൈറ്റ് ടോപ്പിങ് എന്ന നൂതന സാങ്കേതികവിദ്യ പ്രയോഗിച്ചാൽ തുടരെയുള്ള അറ്റകുറ്റപ്പണി ഒഴിവാകുകയും തദ്വാരാ ഖജനാവിന് സാമ്പത്തികഭാരം കുറയുകയും ചെയ്യും എന്നത് കണക്കിലെടുത്ത് വൈറ്റ് ടോപ്പിങ് പ്രാവർത്തികമാക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | ഷെൽമാക് ഉൾപ്പെടെയുള്ള റെഡിമേയ്ഡ് മിശ്രിതങ്ങൾ റോഡ് പ്രതലത്തിലുണ്ടാകുന്ന കുഴികൾ നികത്തുന്നതിനാണ് ഉപയോഗിക്കുന്നത്. ഇവ മഴക്കാലത്ത് ഉപയോഗിക്കാൻ സാധിക്കുന്നതും പ്രത്യേകം യന്ത്രസാമഗ്രികൾ സാധാരണ ആവശ്യമില്ലാത്തതുമാണ്. എന്നാൽ റോഡ് പ്രതലം മുഴുവനായി റീസർഫസിംഗ് ചെയ്യുന്നതിനാണ് വെറ്റ് ടോപ്പിംഗ് ഉപയോഗിക്കുന്നത്. ഇത് ഒരു ദീർഘകാലാടിസ്ഥാനത്തിലുള്ള നിർമ്മാണ രീതിയാണ്. ഷെൽമാക് ഉപയോഗിക്കുന്നത് റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാണ്. വെറ്റ് ടോപ്പിംഗ് നിർമ്മാണ രീതി ചെലവേറിയതും ആധുനിക യന്ത്രസാമഗ്രികൾ ആവശ്യമായതുമാണ്. തെരഞ്ഞെടുക്കപ്പെട്ട റോഡുകളിൽ വൈറ്റ് ടോപ്പിംഗ് സാങ്കേതിക വിദ്യ ഉപയോഗിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ